ആകെ	18,42,00,000

(ബി) സാമ്പത്തിക ദുർവിനിയോഗം സംബന്ധിച്ച ചില ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി)-(എഫ്) 1996-97 കാലയളവിൽ കാപ്പക്സിൽ നടന്നു എന്നു പറയപ്പെടുന്ന ക്രമക്കേടുകളെ സംബന്ധിച്ച് ധനകാര്യ വകുപ്പിലെ അഡീഷണൽ സെക്രട്ടറി അന്വേഷണം നടത്തിവരുന്നു. ക്രമക്കേടുകൾ അന്വേഷിക്കാൻ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല. വിജിലൻസ് അന്വേഷണം സംബന്ധിച്ച് ഈ വകുപ്പിന് വിവരങ്ങൾ ലഭ്യമല്ല. റിയാബ് അന്വേഷണം ഒന്നും നടത്തിയതായി അറിയില്ല.

വട്ടവിള - പിരായിമൂട് പാലത്തിന്റെ പൂർത്തീകരണത്തിന് ആവശ്യമായ തുക

18 (973)ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി വട്ടവിള-പിരായിമൂട് പാലത്തിന്റെ പണി ആരംഭിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏകദേശം പൂർത്തിയായ പണികൾക്ക് സമർപ്പിച്ചിട്ടുള്ള പാർട്ടു ബില്ലിന് തുക അനുവദിക്കാത്തതിനാൽ പ്രസ്തുത പാലത്തിന്റെ പണി സ്തംഭനാവസ്ഥയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആവശ്യമായ തുക അടിയന്തിരമായി അനുവദിച്ച് പാലം പണി പൂർത്തിയാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്തംഭനാവസ്ഥയിലല്ല.

(സി) സ്വീകരിക്കാം.

1999 - 2000 സാമ്പത്തിക വർഷത്തിൽ പിരിച്ച നികുതി

19 (974)ശ്രീ. സി. മോയിൻകുട്ടി :

ശ്രീ. എം.കെ. മുനീർ :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ്, സെയിൽസ്ടാക്സ്, രജിസ്ട്രേഷൻ, മോട്ടോർ വെഹിക്കിൾസ് എന്നീ ഇനങ്ങളിലുള്ള നികുതികളിലൂടെ 1999-2000 സാമ്പത്തികവർഷം എന്തു തുക ലഭിച്ചു;

(ബി) ഈ ഇനത്തിലുള്ള നികുതി പിരിക്കുന്നതിന് സർക്കാർ സ്റേറ ഉത്തരവുകൾ നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്റെ മൊത്തം തുക എത്ര?

ഉത്തരം

(എ) 51,68,54,0,7,0,40 രൂപ ലഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) ഉണ്ട്. സെയിൽസ്ടാക്സ് വകുപ്പിൽ 65.70 കോടി രൂപ യുടെ സ്റ്റേ നൽകിയിട്ടുണ്ട്. ഇതു കൂടാതെ മോട്ടോർ വാഹനവകുപ്പിൽ ഒരു സ്റ്റേ നൽകിയിട്ടുണ്ട്. സ്റ്റേ നൽകിയ തുകയുടെ വിവരം ശേഖരിച്ചുവരുന്നു.

വില്പനനികുതി കുടിശ്ശിക വരുത്തിയവർ

20 (975)ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിൽപ്പനനികുതി കുടിശ്ശികയിനത്തിൽ എന്തു തുക കിട്ടാനുണ്ട്;

(ബി) എത്ര പേരിൽ നിന്നാണ് ഈ തുക കിട്ടേണ്ടത്;

(സി) ഓരോ ജില്ലയിലും ഏറ്റവും കൂടുതൽ വിൽപ്പന നികുതി കുടിശ്ശിക വരുത്തിയിട്ടുള്ളത് ആരാണ്?

ഉത്തരം

(എ) 31.3.2000 വരെ വിൽപ്പന നികുതി കുടിശ്ശികയിനത്തിൽ 1279.16 കോടി രൂപ കിട്ടാനുണ്ട്.

(ബി&സി) കൃത്യമായ വിവരം ശേഖരിച്ചു വരുന്നു.

സെയിൽസ്ടാക്സ്, അഗ്രികൾച്ചറൽ ഇൻകംടാക്സ് ഇനങ്ങളിൽ പിരിഞ്ഞു കിട്ടിയ തുക

21 (976)ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-2000-ലെ ബഡ്ജറ്റിൽ സെയിൽസ് ടാക്സ്, അഗ്രികൾച്ച റൽ ഇൻകം ടാക്സ് എന്നീ ഓരോ ഇനത്തിലും ഇനി എത്ര രൂപ വീതം പിരിഞ്ഞു കിട്ടുമെന്നാണ് കണക്കാക്കിയിരുന്നത്;

(ബി) ഈ കാലയളവിൽ ഓരോയിനത്തിലും എത്ര രൂപവീതം പിരിഞ്ഞു കിട്ടിയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സെയിൽസ് ടാക്സ് ഇനത്തിൽ 3,850 കോടി രൂപയും അഗ്രികൾച്ചറൽ ഇൻകംടാക്സ് ഇനത്തിൽ 28.92 കോടി രൂപയും പിരിഞ്ഞു കിട്ടുമെന്നാണ് കണക്കാക്കിയിരുന്നത്.

(ബി) സെയിൽസ് ടാക്സ് ഇനത്തിൽ 3875.50 കോടി രൂപയും അഗ്രി കൾച്ചറൽ ഇൻകംടാക്സ് ഇനത്തിൽ 14.23 കോടി രൂപയും പിരിഞ്ഞു കിട്ടിയി ട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly